## ചോ:

# “പുതിയനിയമസഭക്കു പുരോഹിതന്മാർ ഉണ്ടോ?”

## ഉത്തരം:

ബൈബിളിലെ ഏറ്റവും വലിയ വിഷയങ്ങളിൽ ഒന്നിനെയാണ് “പൗരോഹിത്യം” എന്നു വിളിക്കുന്നത്. ആ വിഷയം പഴയനിയമത്തിലും പുതിയനിയമത്തിലും ഉടനീളം കാണാം. നമുക്ക് ആ വിഷയത്തെ ഒന്ന് അടുത്തു പരിശോധിക്കാം.

### പുതിയനിയമം പഴയനിയമത്തിൽ നിന്നു വ്യത്യസ്തമാണ്

പഴയനിയമത്തിൽ പൗരോഹിത്യം സാർവ്വദേശീയമായിരുന്നില്ല. പുരോഹിതശുശ്രൂഷ നടത്തുവാൻ എല്ലാ യിസ്രായേല്യരേയും അനുവദിച്ചിരുന്നില്ല. അഹരോനും, അവന്റെ മക്കളും, കൊച്ചുമക്കളും മാത്രമായിരുന്നു “പൗരോഹിത്യം നിലനിർത്തേണ്ടിയിരുന്നത്,” എന്നാൽ അതിലുൾപ്പെടാത്തവർ അതു ചെയ്താൽ അവരെ “കൊല്ലേണമായിരുന്നു” (സംഖ്യാപുസ്തകം 3:10).

ആ പഴയനിയമത്തിലെ ഒഴിച്ചുനിർത്തൽ പുതിയനിയമത്തിന്റെ ഭാഗമായുള്ളതല്ല. നേരെ മറിച്ച്, “ക്രിസ്ത്യാനി” എന്ന പേർ ധരിച്ചിരിക്കുന്ന എല്ലാവരും (1 പത്രൊസ് 4:16) തങ്ങളുടെ സൃഷ്ടികർത്താവിനാൽ വിശുദ്ധരും രാജകീയപുരോഹിതവർഗവുമായി ആദരിക്കപ്പെടുകയാണ്. യേശു മുഖാന്തരം, അവന്റെ സഭയിലെ അംഗങ്ങൾ അക്ഷരീകമായതല്ല, “ആത്മികമായ യാഗം” കഴിക്കുകയാണ്, അതു ദൈവത്തിനു പ്രസാദകരമാണ് (1 പത്രൊസ് 2:5, 9). അപ്പൊസ്തലനായിരുന്ന യോഹന്നാൻ ക്രിസ്തുവിനെ പുകഴ്ത്തി പറയുന്നു, അവൻ “നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു” കൂടാതെ “തന്റെ പിതാവായ ദൈവത്തിന്നു നമ്മെ [ക്രിസ്ത്യാനികൾ] രാജ്യവും, പുരോഹിതന്മാരുമാക്കി തീർത്തവന്നു – എന്നെന്നേക്കും മഹത്വവും ബലവും. ആമേൻ” (വെളിപ്പാട് 1:5, 6).

അറുക്കപ്പെട്ടു ഉയർത്തെഴുന്നേല്ക്കപ്പെട്ട കുഞ്ഞാടിനു യോഹന്നാൻ ഒരു സ്തുതിഗീതവും രേഖപ്പെടുത്തി കാരണം അവൻ സകല ജാതികളെയും തന്റെ രക്തത്താൽ വിലക്കു വാങ്ങി അവരെ ദൈവത്തിന്നു പുരോഹിതന്മാരാക്കി വെച്ചു (വെളിപ്പാട് 5:9, 10). ആ പുരോഹിതന്മാർ “തങ്ങളുടെ ജീവിതം അവന്നു മാത്രമായി നീക്കി വെച്ചു.”[1] അതുകൊണ്ട് പുതിയനിയമം, ഏതെങ്കിലും ഒരു പുരോഹിത വിഭാഗത്തെ ഉയർത്തുന്നതിനു പകരം, എല്ലാ ക്രിസ്ത്യാനികളെയും കാണുന്നത് – സ്ത്രീകളെയും പുരുഷന്മാരെയും, യുവാക്കളെയും പ്രായമായവരെയും – പുരോഹിതന്മാരായിട്ടാണ്.

## പുതിയനിയമം മനുഷ്യരുടെ സമ്പ്രദായത്തിൽനിന്നു വ്യത്യസ്തമാണ്

പ്രചാരത്തിലിരിക്കുന്ന മതങ്ങൾ പുതിയ നിയമ വിശ്വാസങ്ങളെ ഒരു വേർപെട്ട പുരോഹിതവർഗ്ഗം എന്നതിന്റെ പേരിൽ തള്ളിക്കളയുന്നത് ഖേദകരമാണ്. മതപുരോഹിതന്മാർ, പഠിപ്പിച്ചുവരുന്നത്, അവർക്ക് "പുരോഹിതന്മാരല്ലാത്ത" ക്രിസ്ത്യാനികളുടെ പാപങ്ങൾ മോചിച്ചുകൊടുക്കുവാൻ അധികാരമുണ്ട് എന്നാണ്. പാപം മോചിക്കുവാനുള്ള അധികാരം ("ഞാൻ നിന്റെ പാപം മോചിക്കുന്നു"), എന്നത് *എ കാത്തലിക്ക് ഡിക്ഷ്ണറി ഓഫ് തിയോളജി* വിവരിക്കുന്നത്, "പടിപടിയായുള്ള അധികാരശ്രേണി" എന്നാണ്. ആ അധികാരം അപ്പൊസ്തലന്മാർക്കും അവരുടെ പിൻതുടർച്ചക്കാർക്കും, ബിഷപ്പുമാർക്കും ഉപദേശകന്മാർക്കും ക്രിസ്തുവിനാൽ നൽകിയതാണ്, അല്ലാതെ വിശ്വസ്തരായ എല്ലാവർക്കും ഉള്ളതല്ല എന്നും ആ ഡിക്ഷ്ണറി പറയുന്നു. "പുരോഹിതനല്ലാത്ത" വരുമായി ബന്ധപ്പെട്ട ഓരോരുത്തരും, നിർബ്ബന്ധമായും ഒരു ഇരിപ്പിടവും കേൾക്കുവാൻ ഇരുമ്പഴിയുമുള്ള കുമ്പസാരക്കൂട്ടിലേക്കു പ്രവേശിക്കേണ്ടതും, അതു ചുരുങ്ങിയതു വാർഷികമായി ചെയ്യേണ്ടതുമാണ്. (അതിനെ ചിലപ്പോൾ "ഈസ്റ്റർ കർത്തവ്യം" ആയി സൂചിപ്പിക്കുന്നു.) ഇതൊരാൾ ചെയ്യുന്നില്ലെങ്കിൽ, അയാളെ പുറത്താക്കേണ്ടതാണ്. എങ്ങനെയായാലും, *എ കാത്തലിക്ക് ഡിക്ഷ്ണറി ഓഫ് തിയോളജി"* എന്നതിൽ പറയുന്നതുപോലെ, "സഭകളിൽ കുമ്പസാരങ്ങൾ കൗൺസിൽ ഓഫ് ട്രെന്റ് കഴിയുന്നതുവരെ നൽകിയിരുന്നില്ല, ശനിയാഴ്ച്ച വൈകുന്നേരം ആറു മുതൽ ഒൻപതുവരെ ഇരുന്ന് കുമ്പസാരം കേൾക്കുന്ന അപ്പൊസ്തലന്മാരെ കുറിച്ചു ചിന്തിക്കുന്നത് തികച്ചും ഖേദകരമാണ്."

## പഴയനിയമ സമാന്തരങ്ങൾ

പഴയനിയമ പൗരോഹിത്യത്തിന്റെ പ്രത്യേകത പുതിയനിയമ പൗരോഹിത്യത്തെ പോലെയുള്ള*തല്ല* എന്നു നമുക്കു കാണുവാൻ കഴിയും. എങ്ങനെയായാലും, അഹരോന്യ പൗരോഹിത്യവും ക്രിസ്ത്യാനികളുടെ പൗരോഹിത്യവും തമ്മിൽ ചില സമാനതകൾ ഉണ്ട്. അവയിൽ ഏഴെണ്ണം നമുക്ക് പരിഗണിക്കാം:

(1) *കഴുകൽ.* അഹരോനെയും അവന്റെ മക്കളെയും പൗരോഹിത്യ ശുശ്രൂഷക്കു ആക്കുന്നതിനുമുൻപു, അവരെ "സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ" വരുത്തി "വെള്ളം കൊണ്ടു" കഴുകേണം (പുറപ്പാട് 29:4; 40:12). അതുപോലെ, ഇന്നു ക്രിസ്ത്യാനികൾ ആകുന്നതിനുമുൻപു, അവരുടെ ശരീരങ്ങൾ സ്നാനപ്പെടുന്ന വെള്ളത്തിൽ "കഴുകണം" (പ്രവൃത്തികൾ 22:16; നോക്കുക 1 കൊരിന്ത്യർ 6:11; എഫെസ്യർ 5:26; തിത്തോസ് 3:5; എബ്രായർ 10:22).

(2) *തളിക്കൽ.* അഹരോനെയും അവന്റെ മക്കളെയും പുരോഹിത ശുശ്രൂഷക്കു ആക്കുന്നതിനുമുൻപു, അവരിൽ ആട്ടിൻരക്തം തളിക്കണമായിരുന്നു (പുറപ്പാട് 29:21). അതുപോലെ, ഇന്നു പുരോഹിത ശുശ്രൂഷ ചെയ്യുന്ന ആളുകൾ അതിനുമുൻപ്, ക്രിസ്തുവിന്റെ രക്തം ആലങ്കാരികമായി അവരുടെ ഹൃദയങ്ങളിൽ തളിക്കപ്പെടണം (എബ്രായർ 10:22; 12:24; 1 പത്രൊസ് 1:2).

(3) *അഭിഷേകം.* അഹരോനെയും അവന്റെ മക്കളെയും സുഗന്ധതൈലത്താൽ തയ്യാറാക്കപ്പെട്ട ഒരു പ്രത്യേക "വിശുദ്ധ അഭിഷേക തൈലം,"

(“അതുണ്ടാക്കിയ ആളുടെ കരവിരുതനുസരിച്ച് തയ്യാറാക്കിയത്”), ശരീരങ്ങളിൽ പൂശുന്നതുവരെ (പുറപ്പാട് 30:23-30). പഴയനിയമ പുരോഹിതന്മാരെപ്പോലെ വിശുദ്ധമാക്കപ്പെട്ടിരുന്നില്ല. അതിനു ഉപയോഗിക്കേണ്ട ഒലിവു ഓയിലിനെയും സുഗന്ധവ്യഞ്ജനങ്ങളെയും കുറിച്ചു പ്രത്യേകമായി മോശെക്ക് നിർദ്ദേശം നൽകിയിരുന്നു (മൂരും, ലവംഗവും, വഴനത്തൊലിയും).

പുരോഹിതന്മാരുടെ ശരീരങ്ങൾ സുഗ്രാഹ്യമായി സൂക്ഷിക്കണമായിരുന്നു (സങ്കീർത്തനം 133:1, 2). കർത്താവു പറഞ്ഞു, ആ വിശുദ്ധാഭിഷേകം, “അവരെ തലമുറകളായി നിരന്തരപൗരോഹിത്യശുശ്രൂഷക്കു യോഗ്യതയുള്ള” വരാക്കും (പുറപ്പാട് 40:15).

അതിനു സമാന്തരമായി, ക്രിസ്ത്യാനികൾ, അവരുടെ ശരീരങ്ങൾ സ്നാനജലത്താൽ കഴുകപ്പെടുകയും അവരുടെ ഹൃദയങ്ങൾ യേശുവിന്റെ രക്തത്താൽ തളിക്കപ്പെടുകയും ചെയ്തുകഴിയുമ്പോൾ, അവർക്കും ഒരു അഭിഷേകം ലഭിക്കുന്നു: അവർക്കു പരിശുദ്ധാത്മാവിനെ ലഭിക്കുന്നു, അതു തന്നെ അനുസരിക്കുന്നവർക്കാണ് ദൈവം നൽകുന്നത് (പ്രവൃത്തികൾ 5:32). പൗലൊസ് പറയുന്നതനുസരിച്ച്, ഒരു വ്യക്തിയെ അഭിഷേകം ചെയ്യുന്നത്, ദൈവമാണ്. അവൻ മുദ്ര വയ്ക്കുകയും ആത്മാവിന്റെ അച്ചാരം “നമ്മുടെ ഹൃദയങ്ങളിൽ” നൽകുകയും ചെയ്യും (2 കൊരിന്ത്യർ 1:22).

(4) *ധരിക്കൽ.* അഹരോനോടും അവന്റെ മക്കളോടും “പിരിച്ചപഞ്ഞിനൂൽകൊണ്ടുള്ള” വിശുദ്ധ വസ്ത്രം ശുശ്രൂഷക്ക് ധരിക്കേണമെന്നു ദൈവം കല്പിച്ചിരുന്നു (പുറപ്പാട് 35:19; 39:1). പുരോഹിതന്മാർ വിശുദ്ധ ശുശ്രൂഷക്ക്, അര തുടങ്ങി തുടവരെ എത്തുന്ന, ചണനൂൽ കൊണ്ടുള്ള കാൽച്ചട്ട “കുറ്റം ചുമന്നു മരിക്കാതിരിക്കേണ്ടതിനു” ധരിക്കണം (പുറപ്പാട് 28:42, 43). “പിരിച്ച പഞ്ഞിനൂൽ, നീലനൂൽ ധൂമ്ര നൂൽ ചുവപ്പുനൂൽ എന്നിവ കൊണ്ടു, ചിത്രതയ്യൽപ്പണിയായ നടുക്കെട്ടും” എന്നിവയുള്ള മറ്റു വസ്ത്രത്തോടൊപ്പം - “പഞ്ഞിനൂൽ കൊണ്ടു നെയ്ത്തുപണിയായ അങ്കിയും” - “മഹത്വത്തിനും ഭംഗിക്കുമായി” അലങ്കരിച്ചുണ്ടാക്കി (പുറപ്പാട് 39:27-29; 28:40). അതിനോടൊപ്പം, ശരിയായിട്ടുള്ള പുരോഹിതൻ, അതുപോലെ മഹത്വത്തിനും ഭംഗിക്കുമായി, ഒരു തലപ്പാവും ധരിക്കേണമായിരുന്നു (പുറപ്പാട് 28:40). ദൈവത്തിന്റെ പ്രത്യേക പ്രതിനിധി അങ്ങനെ പ്രത്യേകമായ സുഗന്ധത്താൽ മാത്രമായിരുന്നില്ല താല്പര്യം ജനിപ്പിച്ചത്, അവന്റെ വസ്ത്രധാരണവും അവനെ ആകർഷണമുള്ളതാക്കി. ആ വസ്ത്രങ്ങൾ തുന്നിയത്, ജീവിതത്തിൽ ദൈവഭക്തിയും വിശുദ്ധിയും ഉള്ള പുരുഷന്മാരാകുമ്പോൾ (2 ദിനവൃത്താന്തം 20:21; സങ്കീർത്തനങ്ങൾ 29:2), പിന്നെ എല്ലാം യഹോവ ആവിഷ്കരിച്ചതുപോലെ തന്നെ ആയി തീരുന്നു.

ശരിയായതും സ്വീകാര്യവുമായ ക്രിസ്തീയ വസ്ത്രധാരണം മാന്യത അർഹിക്കുന്നു, എന്നാൽ ക്രിസ്ത്യാനികളായ സ്ത്രീകൾക്കുള്ള നിർദ്ദേശത്തിൽ മതിയായതിൽ അധികം വസ്ത്രം ഉൾപ്പെടുത്തിയിരിക്കുന്നു: അവരുടെ വസ്ത്രം മാന്യമായി അലങ്കരിക്കുന്നതും നന്നായി ക്രമപ്പെടുത്തിയതുമായിരിക്കണം (*ഗ്രീക്ക്.: കോസ്മിയോ*; 1 തിമൊഥെയൊസ് 2:9). ക്രിസ്തീയ സ്ത്രീകൾ ഭൗതികമായ, ബാഹ്യ വസ്ത്രത്തിനല്ല ഊന്നൽ കൊടുക്കേണ്ടത്, മറിച്ച് സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ വസ്ത്രത്തിലായിരിക്കണം (1 പത്രൊസ് 3:4). പുരുഷ

ന്മാരായ ക്രിസ്ത്യാനികളോടു മാന്യമായി വസ്ത്രം ധരിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല, അത് ക്രിസ്തീയ സ്ത്രീകളെപോലെ, അവർ തങ്ങളുടെ ഹൃദയത്തിന്റെ വസ്ത്രത്തിനായിരിക്കണം ഊന്നൽ നൽക്കേണ്ടത്, എന്നത് മനസ്സിലാക്കേണ്ടതിനാണ്. അത്തരം വസ്ത്രത്താൽ, അവർ ന്യായവിധി നാളിൽ ലജ്ജിക്കേണ്ടിവരികയില്ല (2 കൊരിന്ത്യർ 5:3 നോക്കുക). ക്രിസ്ത്യാനികളുടെ എന്നേക്കും നിലനിൽക്കുന്ന വസ്ത്രം അക്ഷരികമായ നല്ല വസ്ത്രമല്ല, എന്നാൽ ആലങ്കാരികമായ, പ്രകാശിക്കുന്നതും ശുദ്ധവുമായ ലിനൻ വസ്ത്രം, അതായതു, അവരുടെ നീതിപ്രവർത്തികളാണ് (വെളിപ്പാട് 19:8). പുതിയ നിയമം എല്ലാ ക്രിസ്ത്യാനികളോടും നിർദ്ദേശിക്കുന്നത് ആത്മീയ വസ്ത്രം ശ്രദ്ധിക്കുവാനാണ്:

> ... അതുകൊണ്ടു ദൈവത്തിന്റെ വ്രതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൗമ്യത ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ടു; അന്യോന്യം പൊറുക്കയും, ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ, തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ; കർത്താവു നിങ്ങളോടു ക്ഷമിച്ചതു പോലെ, നിങ്ങളും ചെയ്‌വിൻ. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ, സ്നേഹം ധരിപ്പിൻ (കൊലൊസ്യർ 3:12–14).

(5) *മനോഭാവം.* മോശെയുടെ ദൈവീക നിർദ്ദേശങ്ങൾ അങ്ങനെ തന്നെ പാലിക്കുവാൻ ശ്രദ്ധിക്കേണ്ട ശരിയായ മനോഭാവം ആയിരുന്നു അഹരോന്റെ വീട്ടിലെ പുരോഹിതന് ഉണ്ടാകേണ്ടിയിരുന്നത്. യഹോവ കൽപ്പിച്ചിരുന്ന വിശുദ്ധ സേവന നടപടികളോടു കൂട്ടുവാനോ കുറയ്ക്കുവാനോ പുരോഹിതന് ഒരവകാശവും ഉണ്ടായിരുന്നില്ല (ആവർത്തനപുസ്തകം 4:2; 12:32; സദൃശവാക്യങ്ങൾ 30:6). അറിയാതെ ചെയ്യുന്ന പാപങ്ങൾക്ക്, ദൈവത്തിന്റെ പ്രമാണത്തിൽ പാപമോചന മാർഗ്ഗം ഉണ്ടായിരുന്നു (ലേവ്യാപുസ്തകം 5:18; സംഖ്യാപുസ്തകം 15:27, 28). മനപ്പൂർവ്വം ചെയ്യുന്ന പാപത്തെ സംബന്ധിച്ച്, എങ്ങനെയായാലും, ദൈവം പറഞ്ഞു,

> എന്നാൽ സ്വദേശികളിലോ പരദേശികളിലോ ആരെങ്കിലും, കരുതിക്കൂട്ടിക്കൊണ്ട് ചെയ്താൽ, അവൻ യഹോവയെ ദുഷിക്കുന്നു; അവനെ അവന്റെ ജനത്തിൽനിന്നു ഛേദിച്ചുകളയേണം. അവൻ യഹോവയുടെ വചനം ധിക്കരിച്ചു അവന്റെ കൽപന ലംഘിച്ചു, അവനെ നിർമ്മൂലമാക്കിക്കളയേണം; അവന്റെ അകൃത്യം അവന്റെ മേൽ ഇരിക്കും (സംഖ്യാപുസ്തകം 15:30, 31).

അഹരോന്റെ പുത്രന്മാരായ, നാദാബും അബീഹൂവും അനുസരണക്കേട് കാണിച്ചതിനെ കുറിച്ചു നാം വായിക്കുമ്പോൾ ഞെട്ടിപ്പോകും. എലയാസറിനേക്കാളും ഈഥാമാർനേക്കാളും പ്രായമുള്ള, അവർ രണ്ടുപേർക്കും, പ്രത്യേക ബഹുമതി ലഭിച്ചിരുന്നു. അവരുടെ പിതാവിനോടൊപ്പവും അമ്മാവനോടൊപ്പവും മറ്റു യിസ്രായേലിലെ എഴുപതു മൂപ്പന്മാരോടൊപ്പവും അവർ സീനായി പർവ്വതത്തിലേക്ക് പോയിരുന്നു. അവിടെ വിസ്മയകരമായ ഒരു സംഭവം നടന്നു.

> "... അവർ യിസ്രായേലിന്റെ ദൈവത്തെ കണ്ടു; അവന്റെ പാദങ്ങൾക്കു

കീഴെ നീലക്കല്ല് പടുത്ത തളം പോലെയും, ആകാശത്തിന്റെ സ്വച്ഛതപോലെയും ആയിരുന്നു. യിസ്രായേൽ മക്കളുടെ പ്രമാണികൾക്ക് തൃക്കയ്യാൽ ഒന്നും ഭവിച്ചില്ല; അവർ ദൈവത്തെ കണ്ടു, ഭക്ഷണപാനീയങ്ങൾ കഴിച്ചു" (പുറപ്പാട് 24:9–11; നോക്കുക സംഖ്യാപുസ്തകം 3:2).

ആ രണ്ടുപേരും, അത്രമാത്രം ആദരിക്കപ്പെട്ടിരുന്നു, പിന്നീട് അവർ യഹോവയ്ക്കു "അന്യാഗ്നി" അർപ്പിച്ചു (ലേവ്യാപുസ്തകം 10:1, 2; കെജെവി; 16:12 നോക്കുക). ഈ പ്രവർത്തി യഹോവക്ക് കണ്ടില്ലെന്നു നടിക്കുവാൻ കഴിഞ്ഞില്ല; ആ രണ്ടുപുരോഹിതന്മാർ ശരിയല്ലാത്തതു പ്രവർത്തിക്കുകയും അഗ്നിയാൽ ദഹിപ്പിക്കപ്പെടുകയും ചെയ്തു. പുരോഹിതന്മാർ ദൈവത്തിന്റെ ശുശ്രൂഷ ചെയ്യുമ്പോൾ അവർ സ്വർഗ്ഗീയ നിർദ്ദേശങ്ങൾക്കുള്ളിൽ നിന്നു വേണം ചെയ്യുവാൻ എന്ന മാതൃകയാണ് അവർ മറ്റുള്ളവർക്കു നൽകിയത്.

ക്രിസ്ത്യാനികൾക്ക് നാദാബും അബീഹൂവും നൽകുന്ന മാതൃക ഒരു ദൈവീക മുന്നറിയിപ്പാണ് (റോമർ 15:14). നയിക്കുന്നതിനെതിരെ നമ്മെ മുന്നറിയിച്ചിരിക്കുന്നു (ഗ്രീക്ക്.: *പ്രൊയാഗോ*) അല്ലെങ്കിൽ "അതിർകവിഞ്ഞു പോകുക" (ഗ്രീക്ക്.: *പാരാബായിനോ*) ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾക്കപ്പുറം പോകുന്നതിനെതിരെ മുന്നറിയിച്ചിട്ടുണ്ട് (2 യോഹന്നാൻ 9). ഇപ്പോൾ ക്രിസ്തുവിൽനിന്നു എല്ലാം ഇരുപത്തി-ഏഴു പുസ്തകങ്ങളിൽ വെളിപ്പെടുത്തിയിട്ടുള്ളതിനാൽ, ബഹുമാന്യനായ പുരോഹിതൻ മതപരമായ കാര്യങ്ങളിൽ "എഴുതിയിരിക്കുന്നതിനപ്പുറം ഭാവിക്കയില്ല" (1 കൊരിന്ത്യർ 4:6). ഒരു ക്രിസ്ത്യാനിക്കു വേണ്ട സഹായിക്കുന്ന തത്വം എന്തെന്നാൽ വിലക്കിയിട്ടില്ലാത്തതെല്ലാം ചെയ്യുവാൻ കഴിയും എന്നതല്ല, എന്നാൽ അധികാരപ്പെടുത്താത്തത് ഒന്നും അയാൾ ചെയ്യരുത് എന്നതാണ്. പുതിയ നിയമത്തിൽ വിലക്കിയിട്ടില്ലാത്തത് ചെയ്യുന്നതിൽ അനുവദിക്കുന്നത് വിശുദ്ധ ജലം, രൂപങ്ങൾ, ധൂപം, ഉപകരണ സംഗീതം, മെഴുകുതിരികൾ, കൊന്ത, ഇലകൾ, നൃത്തം, കർത്തൃമേശയുടെ ഭാഗമായി വറുത്ത കോഴി മുതലായവ. പുതിയ നിയമ ആരാധനയിൽ എടുത്തുപറഞ്ഞിരിക്കുന്നത് മാത്രം ചെയ്യുവാൻ ആവശ്യപ്പെടുന്നത് ഒരാൾ കൂട്ടായ്മയിൽ അപ്പൊസ്തലന്മാരുടെ ഉപദേശത്തെ പിൻപറ്റണം, അതായത് അപ്പം നുറുക്കൽ, പ്രാർത്ഥന, നന്ദിയുള്ള സ്തോത്രങ്ങൾ എന്നിവയാണ് (പ്രവൃത്തികൾ 2:42; എബ്രായർ 13:15). പുതിയനിയമ പുരോഹിതന്മാർക്ക് ഉപകരണസംഗീതത്തോടോ അല്ലെങ്കിൽ പുകയ്ക്കലിനോടൊ അല്ലെങ്കിൽ വറുത്ത കോഴിയോടോ എതിർപ്പൊന്നുമില്ല, എന്നാൽ ആരാധനയെ സംബന്ധിച്ചു കർത്താവു കൽപ്പിച്ചതിനോടു കൂട്ടുവാൻ അവർ ധൈര്യപ്പെടുന്നില്ല. അവർ നാദാബിന്റെയും അബീഹൂവിന്റെയും പാപം ആവർത്തിക്കുവാൻ ആഗ്രഹിക്കുന്നില്ല.

(6) *ധൂപം.* വിശുദ്ധസ്ഥലത്ത്, രാവിലെയും വൈകുന്നേരവും, പഴയനിയമ പുരോഹിതന്മാർ സുഗന്ധവ്യഞ്ജനങ്ങൾ ഇട്ട്, "തലമുറകൾ തോറും യെഹോവയുടെ സന്നിധിയിൽ നിരന്തരധൂപവർഗ്ഗം അർപ്പിക്കേണം" (പുറപ്പാട് 30:1–9). ആ സുഗന്ധവ്യഞ്ജനങ്ങൾ (നറുംപശ, ഗുൽഗുലു, ഗൽബാനപ്പശ, നിർമ്മലസാമ്പ്രാണി) – വിശുദ്ധവും നിർമ്മലവുമായവ, ഉപ്പുമായി ചേർത്ത് ("തൈലക്കാരന്റെ വിദ്യ"), ചെറുതായി ഇടിച്ച്, പിന്നെ ചൂടാക്കുമ്പോൾ – ഒരു സുഗന്ധധൂപം ഉയരും. "ഞാൻ നിനക്കു വെളിപ്പെടുവാനുള്ള സമാഗമനകൂടാരത്തിലെ സാക്ഷ്യത്തിന്നു മുമ്പാകെ," ചെയ്യേണ്ടത് ഇതാണ്

എന്ന് യഹോവ അരുളിച്ചെയ്തു (പുറപ്പാട് 30:34–36). “അതു നിങ്ങൾക്കു അതിവിശുദ്ധമായിരിക്കേണം.” ഈ ഉണ്ടാക്കുന്ന ധൂപവർഗ്ഗത്തിന്റെ യോഗം കർത്താവിനെ ആരാധിക്കുന്നതിനു മാത്രമേ ഉപയോഗിക്കാവൂ. മണക്കേണ്ട തിനു അതുപോലെയുള്ളതു ആരെങ്കിലും ഉണ്ടാക്കിയാൽ അവനെ അവന്റെ “ജനത്തിൽ നിന്നുഛേദിച്ചു കളയേണം” (പുറപ്പാട് 30:37–38).

പഴയനിയമത്തിലെ പുരോഹിതന്മാർ അർപ്പിച്ചിരുന്ന അക്ഷരിക ധൂപ വർഗ്ഗം പൂർണ്ണമായും പുതിയനിയമത്തിൽ ഇല്ല. എങ്ങനെയായാലും, അവ രുടെ മഹാപുരോഹിതനായ, യേശുക്രിസ്തുവിന്റെ നാമത്തിൽ, ക്രിസ്ത്യാ നികൾ അവരുടെ മഹാദൈവത്തിന് രാവിലെയും വൈകുന്നേരവും പ്രാർത്ഥന അർപ്പിച്ചുകൊണ്ടിരുന്നതായി കാണാം (നോക്കുക വെളിപ്പാട് 5:8; 8:3, 4).

(7) *യാഗങ്ങൾ.* അഹരോന്യ പൗരോഹിത്യത്തിന്റെ മുഖ്യപ്രവർത്തി യാഗ ങ്ങൾ അർപ്പിക്കലായിരുന്നു (ലേവ്യാപുസ്തകം 1–7 നോക്കുക). ആത്മത പനവും, പശ്ചാത്താപമുള്ള ഹൃദയവും, വിശുദ്ധ ജീവിതവും, അനുസര ണവും യാഗമർപ്പിക്കുന്ന കാളകൾക്കും ആടുകൾക്കും ഒപ്പം ഇല്ലെങ്കിൽ, അവരുടെ യാഗങ്ങൾ ദൈവം സ്വീകരിക്കയില്ല (സങ്കീർത്തനങ്ങൾ 40:6; 51:16; 1 ശമുവേൽ 15:22; യെശയ്യാവു 1:11; യിരെമ്യാവു 6:20; 7:22, 23; ആമോസ് 5:22; മീഖാ 6:6–8). ശരിയായ മനോഭാവത്തോടും ജീവിതത്തോടും, ദൈവ ത്തിന്റെ ഏർപ്പാടുകൾ അനുസരിച്ച്, മൃഗയാഗത്തിൽ നിന്ന് ഉയരുന്ന പുക ദൈവത്തിന്ന് സു-ഗ്രാഹ്യമായ വാസനയുള്ളതും, സർവ്വപ്രപഞ്ചത്തിന്റെയും ദൈവത്തിന്ന് പ്രസാദകരമാകുന്നതുമാണ്.

മൃഗയാഗം ദൈവം കൽപിച്ചിരുന്നുവെങ്കിലും, “കാളകളുടെയും ആടു കളുടെയും രക്തത്തിന് പാപം നീക്കുവാൻ കഴിയുകയില്ല” എന്ന് അവന് അറിയാമായിരുന്നു (എബ്രായർ 10:4). എങ്ങനെയായാലും, അക്ഷരീക കുഞ്ഞാടുമായി, താരതമ്യപ്പെടുത്തുമ്പോൾ, ഒരു മനുഷ്യശരീരം മറിയയുടെ ഉള്ളിൽ ഒരുക്കുകയും പിന്നീട് അവനെ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നു പ്രഖ്യാപിക്കുകയും ചെയ്തു (എബ്രായർ 10:5; യോഹന്നാൻ 1:29). എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ, “കാളക ളുടെയും ആടുകളുടെയും രക്തത്താൽ അല്ല, അവന്റെ സ്വന്ത രക്തത്താൽ തന്നെ,” യേശു “തന്റെ യാഗത്താൽ പാപത്തെ നീക്കം ചെയ്തു” (എബ്രാ യർ 9:12, 26). അവന്റെ വ്യക്തിപരമായ യാഗം ദിവസേനയുള്ളതോ വർഷാ ന്തരമായുള്ളതോ ആയിരുന്നില്ല, അങ്ങനെ ആയിരുന്നുവെങ്കിൽ അവൻ ലോകസ്ഥാപനം മുതൽ കഷ്ടമേൽക്കേണ്ടി വരുമായിരുന്നു. മറിച്ച്, അവന്റെ ഒരിക്കൽ-ആയും-എല്ലാ-കാലത്തേക്കും ഉള്ള യാഗം ദൈവത്തെ അനുസ രിക്കുന്നവർക്ക് ഫലം കിട്ടുമാറാക്കി (എബ്രായർ 5:9; 9:15).

ക്രിസ്ത്യാനികളുടെ യാഗങ്ങളിൽ നിന്ന്, ആടുകളെയും കാളകളെയും നീക്കം ചെയ്തിരിക്കുന്നു. പുതിയ നിയമത്തിന്റെ തികഞ്ഞ പ്രമാണം (യാക്കോബ് 1:25) ക്രിസ്ത്യാനികളോടു ആവശ്യപ്പെടുന്നത് “ബാഹ്യമായ തല്ല പിന്നെയോ ‘ആത്മീക’ യാഗമത്രെ”[2] (1 പത്രൊസ് 2:5). സ്വീകാര്യമായ ക്രിസ്തീയ യാഗത്തിൽ അവന്റെ നാമത്തിൽ പുകഴ്ത്തൽ, സ്തോത്രം എന്നിവ ഉൾപ്പെടുന്നു (എബ്രായർ 13:15). കൂടാതെ, ആവശ്യമുള്ളവരെ സഹാ യിക്കേണ്ടതിന് ധർമ്മശേഖരവും പുതിയനിയമത്തിലുള്ള യാഗത്തിൽ എടു ത്തുപറഞ്ഞിരിക്കുന്നു (ഫിലിപ്പിയർ 4:18). അതിലുപരിയായി, ഓരോരുത്ത

രുടേയും സ്വന്തം ശരീരത്തെ - നിർജ്ജീവയാഗമായിട്ടല്ല, ജീവനുള്ള യാഗമായി അർപ്പിക്കുന്നത് - ഒരു ക്രിസ്ത്യാനിയുടെ യത്നമായി ദൈവത്തിന് സ്വീകാര്യമാകുന്നു (റോമർ 12:1).

## ഉപസംഹാരം

പുതിയനിയമ ക്രിസ്ത്യാനികളോടുള്ള ആത്മാവിന്റെ സന്ദേശം എത്ര മനോഹരമാണ്! പഴയനിയമ പശ്ചാത്തലത്തിൽ നിന്ന്, ലേഖനങ്ങൾ ക്രിസ്ത്യാനികളെ പുരോഹിതന്മാരായി ഹൃദയംഗമമായ യാഗം കഴിക്കത്തക്ക രീതിയിൽ ഉയർത്തുന്നു. സ്വർഗ്ഗീയ പദ്ധതിയുടെ നായകനും, എല്ലായ്പ്പോഴും മനുഷ്യനന്മ കാംക്ഷിക്കുന്നവന്നും, മഹത്വവും ബലവും, പുകഴ്ച്ചയും എന്നുമെന്നേക്കും ഉണ്ടാകട്ടെ!

---

കുറിപ്പുകൾ

[1]സി. ജി. വിൽക്കേ ആന്റ് സി. എൽ. വിലിബാൾഡ് ഗ്രിം, *ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, 12-ത്ത് എഡി., ട്രാൻസ്. ആന്റ് റെവ. ജോസെഫ് എച്ച്. തേയർ (ഗ്രാന്റ് റാപിഡ്സ്, മൈക്ക്.: സോണ്ടെർവാൻ പബ്ളിഷിംഗ് ഹൗസ്, 1973), 298. (സീ ദ എൻട്രി *"ഹിയരേയസ്."*) [2]ഇബിഡ്. (സീ ദ എൻട്രി "*ഹിയരേറ്റ്യൂമാ*").